# എ എൽ പി സ്കൂൾ
# കീഴത്തൂർ

AIDED LOWER PRIMARY SCHOOL
KEEZHATHUR
1979

# അക്കാദമിക്ക്
# മാസ്റ്റർ
# പ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ











## എ എൽ പി സ്കൂൾ കീഴത്തൂർ

## ആമുഖം

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക എന്നത് കേരളം സർക്കാർ നടപ്പിലാക്കുന്ന പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. ആവഴിക്ക് ചിന്തിച്ചാൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസ സംവിധാനം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ നമുക്ക് കഴിയൂ. ഓരോ വിദ്യാലയവും തങ്ങളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായും ഭൗതിക സാഹചര്യം ഒരുക്കുന്നതിനായും കഠിനമായ പരിശ്രമം ആവശ്യമാണ്. അതിനായി പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണയും തേടാവുന്നതാണ് അതിനായി ആദ്യം ചെയ്യേണ്ടത് ഓരോ വിദ്യാലയവും തങ്ങളുടെ ഇന്നത്തെ അവസ്ഥ വസ്തുനിഷ്ടമായി വിലയിരുത്താനും തനതായ പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ആ പ്രദേശത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തണമെന്ന് കാഴ്ചപ്പാടാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ കാതലായ ലക്ഷ്യം. അതിനായി വൈവിധ്യമാർന്നതും തനിമയുള്ളതുമായ ചെറുതും വലുതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഓരോ മാസവും ഏറ്റെടുത്ത് ചിട്ടയായി നടപ്പിലാക്കണം. 2009 ൽ നിലവിൽവന്ന വിദ്യാഭ്യാസ അവകാശനിയമം 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. തുല്യത,പങ്കാളിത്തം,ഗുണനിലവാരം,മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കൊണ്ട് അദ്ധ്യാപകർ,വിദ്യാർത്ഥികൾ,വിദ്യാഭ്യാസവിദഗ്ദ്ധർ പി ടി എ ,പൂർവ്വവിദ്യാർഥി സംഘടനകൾ,നാട്ടുകാർ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,ക്ലബുകൾ,എസ് എസ് കെ,സർക്കാർ തുടങ്ങിയവയുടെ കൂട്ടായിമയിലൂടെ മികവിൽ നിന്നും മികവിലേക്ക് നമുക്ക് മുന്നേറാം.

# വിദ്യാലയ ചരിത്രം

സുരഭില സുന്ദരവും പ്രകൃതിരമണീയവും നയനമാനോഹരവുമായ വയലേലകളാലും കലകളാരവത്താൽ ഒഴുകി കളിക്കുന്ന ഭാരത പുഴയാലും സംഗീതകുലപതി ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ജന്മത്താലും ധന്യയായ കോട്ടായി ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിലാണ് നമ്മുടെ കീഴത്തൂർ എൽ പി സ്കൂൾ സ്ഥിതിചെയ്യുന്നത്. പ്രീ പ്രൈമറി മുതൽ 4 വരെ പഠന സൗകര്യമുള്ള നമ്മുടെ വിദ്യാലയം 1979 ലാണ് സ്ഥാപിതമായത് .ഹാജി മുഹമ്മദ് കരിം മാസ്റ്ററാണ് മാനേജർ .

കീഴത്തൂരിന്റെ വിദ്യാഭ്യാസ സ്വപനങ്ങൾക്ക് നിറമുള്ള യാഥാർഥ്യങ്ങളാക്കി മാറ്റാൻ ഒരു എൽ പി സ്കൂൾ തുടങ്ങണമെന്ന 1975 മുതൽ ഉയർന്നു തുടങ്ങിയതാണ് . കോട്ടായി ഗ്രാമ പഞ്ചായത്തിൽ പെട്ട വല്യമ്മക്കാവ്, പള്ളത്തുപുര, ചുള്ളിയിൽ, കൊറ്റമംഗലം,കോഴിയോട്, അയ്യംകുളം ഓടനൂർ പൂതപാരമ്പ്, കീഴത്തൂർ എന്നീവി ടങ്ങളിലെ മക്കൾക്ക് രണ്ടര കിലോമീറ്ററോളം ദൂരമുണ്ടായിരുന്നു മറ്റു വിദ്യാലയങ്ങളിലേക്ക് വാഹന സൗകര്യം ഇന്നത്തെ പോലെ അന്നുണ്ടായിരുന്നില്ല.

1977 ഓടെ സ്കൂൾ വേണമെന്ന ആവശ്യത്തിന് ശക്തി പ്രാപിക്കുകയും 1978 ഡിസംബറോടുകൂടി അപേക്ഷ സമർപ്പിക്കുകയും മാനേജർ ഹാജി മുഹമ്മദ് കരിം മാസ്റ്ററുടെ നേതൃത്വത്തിലുള്ള ഫ്രണ്ട്സ് എഡ്യൂക്കേഷൻ കമ്മിറ്റി സ്കൂൾ അനുവദിച്ചു കൊണ്ട് 1979 ൽ വിജ്ഞാപനം പുടപ്പെടുവിച്ചു. 62 ഓളം കുട്ടി കളുമായി വാടക കെട്ടിടത്തിൽ ആരംഭിച്ച വിദ്യാലയം 6 മാസത്തിനകം ഇന്നുകാണുന്ന വിദ്യാലയത്തിലേക്ക് മാറ്റിസ്ഥാപിക്കപെട്ടു. ശ്രീ മുഹമ്മദ് താജുദ്ധീൻ മാസ്റ്ററെ പ്രതാധ്യാപകനായി മാനേജർ നിയമിച്ചു. തുടർന്ന് പ്രധാനാധ്യാപകരായി വന്ന അനില ടീച്ചർ ശീലാവതി 'അമ്മ ടീച്ചർ എന്നിവർ വിദ്യാലയ മികവിന് നേതൃത്വം നൽകി. സുബൈർ മാസ്റ്റർ ആണ് ഇപ്പോഴത്തെ പ്രധാനാധ്യാപകൻ.

ശ്രീ രാധാകൃഷ്ണൻ മാസ്റ്റർ, ശ്രീ അബ്ബാസ് മാസ്റ്റർ, ശ്രീ രാജേന്ദ്രൻ മാസ്റ്റർ, ശ്രീമതി ശ്യാമള ടീച്ചർ, ശ്രീമതി മായാ ടീച്ചർ ശ്രീമതി ആയിഷ ടീച്ചർ എന്നിവർ മുൻ കാല അധ്യാപകനായിരുന്നു. പി എസ് സി കിട്ടിയും വിരമിച്ചും വന്ന ഒഴുവുകളിലേക്ക് കുമാരി ലളിത ഭായി ടീച്ചർ, ശ്രീ മുഹമ്മദ് മാസ്റ്റർ, ശ്രീമതി ഉഷാകുമാരി ടീച്ചർ, ശ്രീമതി കൃഷ്ണവേണി ടീച്ചർ എന്നിവർ ജോലിചെയ്തുപോന്നു. നിലവിൽ ഷിഫാ ടീച്ചർ, ജസ്ന ടീച്ചർ, സൂര്യ ടീച്ചർ, മുഹമ്മദ് ജസീം മാസ്റ്റർ, ജുനൈദ് മാസ്റ്റർ ഇൻസില ടീച്ചർ എന്നിവർ ജോലിചെയ്യുന്നു.

ധാരാളം അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ കടന്നു കയറ്റവും അടുത്തുള്ള പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലെ ഏജന്റുമാരുടെ മോഹനവാഗതാനങ്ങളിലും പെട്ട് കുട്ടികളുടെ എണ്ണം കുറയുന്നെന്നു തോന്നിയപ്പോൾ മാനേജർ 2009 ൽ പ്രീ പ്രൈമറി കെട്ടിടം പണിയുകയും അധ്യാപികയായി സുജാത ടീച്ചറെ നിയമിച്ചു. 2015 ൽ

എൽ കെ ജി യിൽ രഞ്ജിനി ടീച്ചറും യു കെ ജി യിൽ സുജാത ടീച്ചറും തുടരുന്നു. വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കുന്നത് ഉച്ചഭക്ഷണ തൊഴിലാളിയായി ഗിരിജയാണ് .

നിലവിൽ 170 ഓളം കുട്ടികൾ പഠിക്കുന്ന നമ്മുടെ വിദ്യാലയത്തി സാധാരണ ക്കാരിൽ സാധാരണക്കാരായ കർഷകന്റേയും കർഷകത്തൊഴിലാളി കളുടെയും മക്കളാണ് പഠിക്കുന്നത്. സ്കൂൾ നിലവിൽ വന്ന 46 വർഷങ്ങൾ കഴിയുമ്പോൾ നില വിൽ സ്കൂളിലെ പ്രധാനാധ്യാപകനായ സുബൈർ മാസ്റ്റർ , അറബിക്ക് അധ്യാപിക യായ ഷിഫാ ടീച്ചർ, ഡോക്ടറേറ്റ് നേടിയ ഇർഷാദ് ഉൾപ്പെടെയുള്ള മികച്ച നല്ല തല മുറകളെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

## പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എ എൽ പി സ്കൂൾ കീഴത്തൂർ |
| അഡ്രസ്സ് | : കീഴത്തൂർ,<br>കോട്ടായി പി. ഒ,<br>പാലക്കാട്,<br>പിൻ 678572 |
| സ്കൂൾ കോഡ് | : 21424 |
| ഫോൺ | : 9946626586 |
| മെയിൽ ഐഡി | : alpskeezhathur79@gmail.com |
| വിദ്യാഭ്യാസ ജില്ല | : പാലക്കാട് |
| റവന്യു ജില്ല | : പാലക്കാട് |
| ഉപജില്ല | : കുഴൽമന്ദം |
| താലൂക്ക് | : ആലത്തൂർ |
| വില്ലേജ് | : കോട്ടായി |
| ഗ്രാമപഞ്ചായത്ത് | : കോട്ടായി |
| ബ്ലോക്ക്പഞ്ചായത്ത് | : കുഴൽമന്ദം |
| ജില്ലാപഞ്ചായത്ത് | : പാലക്കാട് |
| നിയമസഭാ മണ്ഡലം | : തരൂർ |
| ലോകസഭാ മണ്ഡലം | : ആലത്തൂർ |
| ബി ആർ സി | : കുഴൽമന്ദം |
| സി ആർ സി | : ജി എൽ പി എസ് വാറോഡ് |

## പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട ശേഷികൾ നേടി അന്ന് ഉറപ്പുവരുത്തുക.

* മലയാളം ഇംഗ്ലീഷ് അറബി ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക .

* ഓരോ കുട്ടിയുടെയും സർഗശേഷികൾ കണ്ടെത്തി പരിപോഷിപ്പിക്കുന്ന തരത്തിലുള്ള പരിശീലനങ്ങൾ നൽകുക.

* കുട്ടികളിൽ വായനശീലം വളർത്താൻ സ്കൂൾ-ക്ലാസ്-വീട് തല ലൈബ്രറി സജ്ജമാക്കുക .

* പഠന പിന്നോക്കാവസ്ഥ നേരിടുന്നവർരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക .

* ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ കണ്ടെത്തി ഫലപ്രദമായി ക്ലാസ്സ്മുറികളിൽ പ്രയോജനപ്പെടുത്തുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.

* ഓരോ യൂണിറ്റിലും കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങൾ അതാതു ക്ലാസിനുഅനുയോജ്യമായ രീതിയിൽ ടീച്ചിങ് മാന്വൽ തയ്യാറാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക .

* എല്ലാ കുട്ടികൾക്കുംഅക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.

* വിദ്യാലയം ഒരു പാഠപുസ്തകം ആശയം മുൻ നിർത്തി അറിവ് നിർമാണ ഇടങ്ങളാക്കി മാറ്റുന്നതിന് ജൈവ വൈവിധ്യ ഉദ്യാനം ,പച്ചക്കറി തോട്ടം ഔഷധത്തോട്ടം, പൂന്തോട്ടം തുടങ്ങി വിദ്യാലയത്തെ ജൈവ കാലവറയാക്കി മാറ്റുക .

* കമ്പ്യൂട്ടർ ലാബ് ,ലൈബ്രറി തുടങ്ങിയവയുടെ നവീകരണം.

* ഹരിത പ്രോട്ടോകോൾ പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് നിരോധനം ,ശുചിത്വം, തുടങ്ങിയവ നല്ല രീതിയിൽ നടപ്പിലാക്കി മാലിന്യ മുക്തവിദ്യാലയമാക്കൻവേണ്ട നടപടികൾ സ്വീകരിക്കൽ.

* മദ്യം , മയക്കുമരുന്ന്,മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെയുള്ള മുൻകരുതൽ എടുക്കാൻവേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

* പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക

# പ്രശ്നങ്ങളും വെല്ലുവികളും

മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ഭിന്ന ശേഷിക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യ പദ്ധതിയുടെ അഭാവം.

കൃത്യമായി എല്ലാ ദിവസവും കുട്ടികൾ സ്കൂളിൽ എത്താത്ത അവസ്ഥ .

10 ശതമാനത്തോളം കുട്ടികൾക്ക് അടിസ്ഥാന ശേഷികൾ കൈവരിക്കാൻ കഴിയുന്നില്ല.

ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.

ചില കുട്ടികൾക്ക്  ഭാഷ ,ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നേടേണ്ട ശേഷികൾ മുഴുവൻ നേടാൻ കഴിയുന്നില്ല.

പഠന പ്രക്രിയ പൂർണമായും വൈവിദ്ധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിയുന്നില്ല.

ക്ലാസ്തല ലൈബ്രറിയുടെ പ്രവർത്തനം ഫലപ്രദമാകുന്നില്ല.

ക്ലബ്  പ്രവർത്തനങ്ങളിൽ   കൃത്യമായി ആസൂത്രണത്തിന്റെ അഭാവം.

എല്ലാ ക്ലാസ്സുകളിലേക്കും വേണ്ട ഐ സി ടി ഉപകരണങ്ങളുടെ അഭാവം..

വീടുകളിലെ മദ്യം മയക്കുമരുന്ന് പോലുള്ളവയും മറ്റുള്ളവയും കാരണമായ കുടുംബ പ്രശ്നങ്ങൾ.

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉണ്ടാകുന്നില്ല.

പൂർവവിദ്യാർഥി സംഘടനയെ ശരിയായരീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

പഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ കൃത്യമായി ആസൂത്രണം ചെയ്യാതെ  നടപ്പിലാക്കുന്നു.

കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും ഇപ്പോൾ ഉപയോഗശൂന്യമാണ് .

പ്രാദേശിക വിഭവസമാഹരണത്തിലെ പോരായ്മ .

# ലക്ഷ്യങ്ങൾ

ഭാഷ

| | |
|---|---|
| 1 | എല്ലാ കുട്ടികളെയും തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയുന്നവരാക്കി മാറ്റുക. |
| 2 | കുട്ടികൾക്കനിയോജ്യമായാ രീതിയിൽ ക്ലാസ്സ്തല ആശയവിനിമയശേഷി നേടി എന്നുറപ്പാക്കുക . |
| 3 | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തി സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക |
| 4 | വിവിധ തരത്തിൽ ആശയങ്ങൾ ആവിഷ്ക്കരിക്കാനുള്ള ശേഷി നേടുക. |
| 5 | ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഭാഷാ ശേഷി വികസനം സാധ്യമാക്കുക. |
| 6 | ക്ലാസ് തല വായനമൂല ഒരുക്കി കുട്ടികളിൽ മികച്ച വായനശീലം  വളർത്തുക. |

പരിസരപഠനം

| | |
|---|---|
| 1 | ശാസ്ത്രപഠനത്തിൽതാല്പര്യം വളർത്തി ശാസ്ത്രബോധനം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. |
| 2 | ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക. |
| 3 | ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികൾ വികസിപ്പിക്കുക. |
| 4 | ആധുനിക ശാസ്ത്ര ഉപകരണങ്ങൾ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക. |
| 5 | ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്രെടുത്തുക. |

ഗണിതം

| | |
|---|---|
| 1 | അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക. |
| 2 | ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ഗണിതശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക. |
| 3 | ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക. |
| 4 | ഗണിതചിന്ത, യുക്തിചിന്ത, പ്രശ്നവിസകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തി ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. |

# പ്രവർത്തനപദ്ധതികൾ

## മലയാളം

| | | | | |
|---|---|---|---|---|
| പ്രവർത്തനം 1<br>വായന പരിപോഷണം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഭാഷാപരമായ ശേഷി കണ്ടെത്തൽ. | 1 ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷികളുടെ പരിശോധന പൂർത്തിയാക്കുന്നു.<br>2 പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>3 വായന സാമഗ്രികൾ നൽകുന്നു . (പ്രത്യേക സമയത്ത് )<br>4 ക്ലാസ് തല online വായന | ജൂൺ ആദ്യവാരം<br><br>ജൂൺ രണ്ടാം വാരം<br>ജൂൺ രണ്ടാം വാരം<br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br><br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | 1000 |
| പ്രവർത്തനം 2<br>എന്റെ പുസ്തക ചങ്ങാതി | | | | |
| വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും തല ലൈബ്രറി ഒരുക്കുന്നു.<br>(പിറന്നാളിന് ഒരു പുസ്തകം, വീട്ടിലുള്ളവ കൊണ്ടുവന്നും പുസ്തകങ്ങൾ ശേഖരിക്കുന്നു.) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>കുട്ടികൾ | |
| പ്രവർത്തനം 3<br>വായന കോർണർ | | | | |
| വായനാശീലം വളർത്തുക. | വായന കോർണർ ഒഴിവു സമയങ്ങളിൽ വായിക്കാൻ ഓരോ ക്ലാസ്സിലും പ്രത്യേക കോർണറുകൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 4<br>ഉച്ചഭാഷിണി വായന | | | | |
| തെറ്റു കൂടാതെ അർത്ഥപൂർണമായി വായിക്കാൻ കഴിയുക | ഉച്ചഭാഷിയിലൂടെ ഓരോ ദിവസവും ഓരോ ക്ലാസുകൾ lunch break സമയത്ത് വായിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 5<br>പുസ്തകങ്ങളെ അറിയാം | | | | |
| സ്കൂൾ ലൈബ്രറി ചിട്ടപ്പെടുത്തൽ | വായനദിനത്തോടനുബന്ധിച്ച് ലൈബ്രറി പുസ്തകങ്ങൾ മേഖല തിരിച്ച് തരം തിരിക്കുന്നു . | ജൂലൈ | ടീച്ചർമാർ കുട്ടികൾ | |
| പ്രവർത്തനം 6<br>കയ്യെഴുത്ത് മാഗസിൻ | | | | |
| ആശയങ്ങൾ വിവിധ തരത്തിൽ പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ചവ ഉൾപ്പെടുത്തി കയ്യെഴുത്ത് മാഗസിൻ തയ്യാറാകുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 1000 |
| പ്രവർത്തനം 7<br>വായന കുറിപ്പ് | | | | |
| എല്ലാ കുട്ടികളെയും ആശയം ഉൾകൊണ്ട് എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ച് ക്ലാസുകളുടെ നിലവാരത്തിനനുസരിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 1000 |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br>English ഭാഷാ വികാസം | | | | |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ എഴുതാനും വായിക്കാനുപ്രാപ്തരാക്കുക . | 1 ഇംഗ്ലീഷ് ഭാഷയിലുള്ള നിലവാരം കണ്ടെത്തുന്നു.(pre test നടത്തുന്നു)<br>2 പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>3 Reading കാർഡ് തയ്യാറാക്കൽ), Online Reading നൽകുന്നു. | ജൂൺ ആദ്യവാരം<br>ജൂൺ രണ്ടാം വാരം<br>ജൂൺ രണ്ടാം വാരം | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ ,PTA | 500<br>1000 |
| പ്രവർത്തനം 2<br>സ്കൂൾ അസംബ്ലി | | | | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം കഴിവ് വളർത്തുക. | ആഴ്ചയിൽ ഒരുദിവസം അസംബ്ലിയിലെ എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 3<br>ഇംഗ്ലീഷ് ഡയറി | | | | |
| ഇംഗ്ലീഷിലുള്ള രചന മെച്ചപ്പെടുത്തുക. | ഓരോ ദിവസത്തേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ഓഗസ്റ്റ് മുതൽ എല്ലാ ദിവസവും. | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 4<br>ദിനാചരണങ്ങൾ | | | | |
| ദിനാചരണങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ഓരോ മാസവും വരുന്ന ദിനാചരണങ്ങളെ കുറിച്ച് ക്ലാസ് തല നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷിൽ കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# ഗണിതം

| | | | | |
|---|---|---|---|---|
| പ്രവർത്തനം 1<br>ഗണിതശേഷി വികസനം | | | | |
| കുട്ടികളുടെ ഗണിത നിലവാരം കണ്ടെത്തുക. | 1 ക്ലാസ് തലത്തിൽ കുട്ടികളുടെ പഠന നിലവാരം കണ്ടെത്തുന്നു.<br>2 പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂൺ ആദ്യവാരം<br><br>ജൂൺ രണ്ടാംവാരം | ക്ലാസ് ടീച്ചർ<br><br>S R G | 1000 |
| പ്രവർത്തനം 2<br>ഗണിത കിറ്റ് | | | | |
| ഗണിത പ്രശ്നങ്ങൾ പരിഹാരം കാണാൻ കുട്ടികളെ പ്രാപ്തരാക്കുക. | ചതുഷ് ക്രിയകൾ ഉറപ്പാക്കുന്നതിനും നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ ഗണിതകിറ്റുകൾ ഉറപ്പാക്കുക. | ജൂലൈ മുതൽ | ക്ലാസ് ടീച്ചർ<br>SRG<br>CPTA | 2000 |
| പ്രവർത്തനം 3<br>Work Sheet തയ്യാറാക്കൽ | | | | |
| പാഠ്യ പദ്ധതി നിർദ്ദേശിച്ചിട്ടുള്ള എല്ലാ പഠന നേട്ടങ്ങളും നേടാൻ കുട്ടികളെ പ്രാപ്തരാക്കുക. | എസ് ആർ ജി കൂടി ക്ലാസ് തല പഠന നേട്ടങ്ങൾ തരംതിരിച്ച് അതിനനുയോജ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ. | ഓരോ ടേമിന്റെയും ആരംഭത്തിൽ | ക്ലാസ് ടീച്ചർ<br>SRG<br>CPTA | 3000 |
| പ്രവർത്തനം 4<br>ഗണിതകേളി | | | | |
| പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കൽ. | ഗണിത പ്രവർത്തനങ്ങളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തു പഠന പിന്തുണ ഒരുക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ് ടീച്ചർ<br>CPTA | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 5<br>ഗണിത ലാബ് | | | | |
| അടിസ്ഥാന ഗണിത ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായും ഭയരഹിതമായും ഇടപഴകാൻ സഹായകമായതാരത്തിൽ ഗണിത ലാബ് ഗണിതമൂല എന്നിവ ക്രമീകരിക്കുന്ന. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ CPTA | 2000 |
| പ്രവർത്തനം 5<br>യൂണിറ്റ് ടെസ്റ്റ് | | | | |
| ഓരോ യൂണിറ്റിലും കൈവരികേണ്ട പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റ് കഴിയുമ്പോഴും മൂല്യനിർണയം നടത്തുകയും പരിഹാരബോധനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

# പരിസരപഠനം

| | | | | |
|---|---|---|---|---|
| പ്രവർത്തനം 1<br>ശാസ്ത്ര പഠനോപകരണ ശില്പശാല | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര പ്രക്രിയ ശേഷികൾ ആർജിക്കുന്നതിന് . | ഓരോ ക്ലാസ്സിനും യോജിച്ച രീതിയിൽ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങും വിധം വോക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 2000 |
| പ്രവർത്തനം 2<br>പരീക്ഷണ കുറിപ്പ് | | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം,മനോഭാവം,അവബോധം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ നടത്തി അതിന്റെ കുറിപ്പ് തയ്യാറാക്കുന്നതിന്റെ പ്രാധാന്യം മനസിലാകുന്നതിന് . | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 500 |
| പ്രവർത്തനം 3<br>സ്കൂൾ ഒരു പാഠശാല | | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം,മനോഭാവം,അവബോധം എന്നിവ വികസിപ്പിക്കുക. | സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ ജൈവ വൈവിദ്ദ്യോദ്ധ്യാനം ,പച്ചക്കറി തോട്ടം ,ഔഷധതോട്ടം, ആണിവ നിർമിക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ് ടീച്ചർ<br>CPTA<br>SRG | 5000 |

# ആധുനിക സാങ്കേതിക വിദ്യ

<table>
<tr><td colspan="5">പ്രവർത്തനം 1<br>വിവര സാങ്കേതിക വിദ്യ</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലയളവ്</td><td>ചുമതല</td><td>സാമ്പത്തികം</td></tr>
<tr><td>വിവര സാങ്കേതിക വിദ്യയിൽ മികവ് പുലർത്താൻ കുട്ടികളെ പ്രാപ്തരാക്കുക.</td><td>കമ്പ്യൂട്ടർ ലാബ് നവീകരിക്കുന്നു.<br><br>ഓരോ കുട്ടിയേയും ICT ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു.</td><td>ജൂലൈ മുതൽ സെപ്റ്റംബർ വരെ<br><br>എല്ലാ മാസവും</td><td>ക്ലാസ് ടീച്ചർ<br><br>പൂർവ്വവിദ്യാർത്ഥികൾ ക്ലാസ് ടീച്ചർ</td><td>10000</td></tr>
<tr><td colspan="5">പ്രവർത്തനം 2<br>അധ്യാപക ശാക്തീകരണം.</td></tr>
<tr><td>വിവര വിനിമയ സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക</td><td>പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ കണ്ടെത്തി ഫലപ്രദവുമായി വിനിമയം ചെയ്യാൻ അധ്യാപകരെ പ്രാപ്തരാക്കുന്നു.</td><td>എല്ലാ മാസവും</td><td>ക്ലാസ് ടീച്ചർ</td><td></td></tr>
<tr><td colspan="5">പ്രവർത്തനം 2<br>മൊബൈൽ ലഹരി</td></tr>
<tr><td>മൊബൈൽ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക.</td><td>ബോധവത്കരണ ക്ലസ്സുകളിലൂടെയും വീഡിയോകളിലൂടെയും മറ്റും മൊബൈലിന്റെ അമിത ഉപയോഗത്തെ കുറിച്ച് രക്ഷിതാക്കളെയും കുട്ടികളെയും ബോധവത്കരണം നടത്തുന്നു</td><td>ആഗസ്റ്റ്</td><td>SRG</td><td>1000</td></tr>
</table>

## സാമൂഹികം

| പ്രവർത്തനം 1<br>പൂർവവിദ്യാർഥി സംഘടന | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൂർവ്വവിദ്യാർഥിയുടെ പ്രവർത്തനം ഉറപ്പാക്കൽ. | 1 പ്രാഥമിക ചർച്ച.<br>2 വിദ്യാലയ വികസനത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളിൽ പൂർവ്വവിദ്യാർഥികളുടെ സഹകരണം ഉറപ്പിക്കണമെന്ന് കണ്ടെത്തുന്നു.<br>3 യോഗം ചേരുന്നു.<br>4 പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>5 നിർവഹണം നടത്തുന്നു. | ആഗസ്റ്റ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>സെപ്റ്റംബർ<br>നവംബർ | SRG<br>SRG-PTA<br>SRG_PTA-പൂർവവിദ്യാർഥികൾ<br>SRG_PTA-പൂർവവിദ്യാർഥികൾ | 20000 |

## ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനം 1<br>കുട്ടികളിൽ കായിക ക്ഷമതയുടെ കുറവ് പരിഹരിക്കുക | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ കായിക ക്ഷമതയുടെ കുറവ് പരിഹരിക്കുക | 1 ആവശ്യമായ കായിക ഉപകാരങ്ങൾ വാങ്ങുന്നു. (Sponcering)<br>2 കായിക ക്ഷമതയുള്ള കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നു.<br>3 ക്രിക്കറ്റ്, ടെന്നീസ് ,സൈക്ലിങ് ,ഓട്ടം , ചാട്ടം എന്നിവയിൽ പരിശീലനം നൽകുന്നു. | ആഗസ്ത് മുതൽ<br>ആഗസ്ത് മുതൽ<br>ആഗസ്ത് മുതൽ | SRG പൂർവവിദ്യാർഥികൾ | 5000 |